ഉത്തരം

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

തൊഴിലാളി ക്ഷേമനിധി ബോർഡുകൾ

42. [1823] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി തൊഴിലാളി ക്ഷേമനിധി ബോർഡുകൾ രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ എന്തൊക്കെ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തയ്യൽ തൊഴിലാളി ക്ഷേമനിധി നിയമവും ബീഡി-സിഗാർ തൊഴിലാളിക്ഷേമനിധി നിയമവും നിയമസഭ പാസ്സാക്കിക്കഴിഞ്ഞു. കൂടാതെ, ഈറ-തഴ തൊഴിലാളികൾ, ബാർബർ തൊഴിലാളികൾ, അലക്ക് തൊഴിലാളികൾ, സ്വകാര്യ ആശുപത്രി ജീവനക്കാർ, സ്വകാര്യ ഐ ടി.സി. ജീവനക്കാർ, മൽസ്യവിതരണ/സംസ്ക്കരണ തൊഴിലാളികൾ എന്നീ വിഭാഗങ്ങൾക്ക് ക്ഷേമനിധികൾ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) സംസ്ഥാനത്തെ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമനിധി, കേരള നിർമ്മാണത്തൊഴിലാളി ക്ഷേമനിധി, കേരള അഗ്രികൾച്ചറൽ വർക്കേഴ്സ് ക്ഷേമനിധി, ചുമട്ടുതൊഴിലാളി ക്ഷേമനിധി എന്നിവ നിലവിലുണ്ട്. ഈ പദ്ധതികൾ പ്രകാരം തൊഴിലാളികൾക്ക് പെൻഷൻ, മക്കളുടെ വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ്, വൈദ്യസഹായം, ഭവനനിർമ്മാണ ധനസഹായം, പണി ആയുധങ്ങൾ വാങ്ങുന്നതിന് വായ്പ എന്നിങ്ങനെയുള്ള വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നു.

തൊഴിലാളി ക്ഷേമനിധി ബോർഡുകൾക്ക് കെട്ടിട സമുച്ചയം

43. [1824] ശ്രീ. പി. രാഘവൻ :
,, ഒ. ഭരതൻ :
, സി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എല്ലാ തൊഴിലാളി ക്ഷേമനിധി ബോർഡുകൾക്കും കൂടി ഒരു കെട്ടിട സമുച്ചയം തലസ്ഥാന നഗരിയിൽ നിർമ്മിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന് ഏതെല്ലാം ക്ഷേമനിധി ബോർഡുകളാണ് അംഗീകാരം നൽകിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ കെട്ടിട സമുച്ചയത്തിന് എന്തു തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഡി) ഈ തുക എങ്ങനെ സമാഹരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തലസ്ഥാനനഗരിയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന തൊഴിൽ വകുപ്പിലെ എല്ലാ ആഫീസുകളും ഒരു കെട്ടിട സമുച്ചയത്തിൽ കൊണ്ടു വരുന്നതിനുവേണ്ടി ഒരു ലേബർ കോംപ്ലക്സ് പണിയുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ട്. ടി ലേബർ കോംപ്ലക്സിൽ തിരുവനന്തപുരം നഗരത്തിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന തൊഴിലാളി ക്ഷേമനിധി ബോർഡുകൾക്കും സ്ഥലസൗകര്യം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) (1) ലേബർ വെൽഫെയർ ഫണ്ട് ബോർഡ്.

(2) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്.

(3) ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്.

(4) മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്.

(5) അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്.

(സി) ഇതിന്റെ പ്ലാനും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നതേയുള്ളു.

(ഡി) തൊഴിലാളി ക്ഷേമനിധി ബോർഡുകളെ സംബന്ധിച്ച് അവർക്കാവശ്യമുള്ള സ്ഥലത്തിനനുസരിച്ച് കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ ചെലവും ഭൂമി വിലയും അവർതന്നെ വഹിക്കണമെന്നാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്.

അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കായുള്ള ക്ഷേമ പദ്ധതി

44. [1825] ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതി എന്നു മുതൽ നടപ്പാക്കി എന്ന് വെളിപ്പെടുത്തുമോ ;

(ബി) പദ്ധതികളിൽ ഏതെല്ലാം വിഭാഗക്കാരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ;

(സി) പദ്ധതിയിലെ അംഗങ്ങൾക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതിയിൽ ഇപ്പോൾ എത്ര തൊഴിലാളികൾ അംഗമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly